## പതിമൂന്നാം കേരള നിയമസഭ

### എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2331 01.04.2013-ൽ മറുപടി നൽകേണ്ടിയിരുന്നത്

### എൻ.ആർ.എച്ച്.എം. പദ്ധതി പ്രകാരം സി.എച്ച്.സി, പി.എച്ച്.സി. വികസനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) എൻ.ആർ.എച്ച്.എം. പദ്ധതിയുടെ ഭാഗമായി പി.എച്ച്.സി., കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നിവയ്ക്ക് എന്തെല്ലാം വികസന പദ്ധതികളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ ; | (എ) കേരളത്തിലെ സർക്കാർ ആശുപത്രികളുടെ സേവന ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച ഒരു പുതിയ പദ്ധതിയാണ് കേരള അക്രഡിറ്റേഷൻ സ്റ്റാൻഡേർഡ്സ് ഫോർ ഹോസ്പിറ്റൽസ് (കാഷ്). ഈ പദ്ധതിയുടെ പ്രധാന മായ ലക്ഷ്യം സാധാരണക്കാരായ രോഗികൾക്ക് ഏറ്റവും മികച്ച നിലവാരത്തിലുള്ള ചികിത്സ നൽകുക എന്നതാണ്. ഈ പദ്ധതിയുടെ പ്രാരംഭ ഘട്ടത്തിന്റെ ഭാഗമായി ഓരോ ജില്ലയിൽ നിന്നും 2 പി.എച്ച്.സി, 2 സി.എച്ച്.സി ഉൾപ്പെടുത്തിയിരിക്കുന്നു.<br>ഈ പദ്ധതിയുടെ ഭാഗമായി തിരഞ്ഞെടുക്കപ്പെട്ട പി.എച്ച്.സി. കളിലും, സി.എച്ച്.സി. കളിലും താഴെ പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.<br>1. ആശുപത്രികളിലെ എല്ലാ ജീവനക്കാർക്കും പരിശീലനം നൽകുക.<br>2. അണുബാധ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ നടപ്പിലാക്കുക.<br>3. രോഗികൾക്കും, ജീവനക്കാർക്കും വേണ്ട സുരക്ഷാ നടപടികൾ സജ്ജീകരിക്കുക.<br>4. ടോക്കൺ സിസ്റ്റം നടപ്പിലാക്കുക<br>5. ഏകോപിതമായി കേസ് റെക്കോർഡുകൾ തയ്യാറാക്കുക.<br>6. അഗ്നിശമന ഉപകരണങ്ങൾ സ്ഥാപിക്കുക.<br>7. രോഗികൾക്ക് ശുദ്ധമായ കുടിവെള്ളം വിതരണം ചെയ്യുക. |

(....2)

എൻ.ആർ.എച്ച്.എം പദ്ധതിയുടെ ഭാഗമായി എല്ലാ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾക്കും സാമൂഹിക ആരോഗ്യ കേന്ദ്രങ്ങൾക്കും ഉപാധി രഹിത ഫണ്ട് (Untied Fund), മെയിന്റനസ് ഫണ്ട് (Annual Maintenance Unit), ആശുപത്രി വികസന സമിതികൾക്കുള്ള ഗ്രാന്റ് (HMC Grant) എന്നിവ നൽകി വരുന്നു.

ഇതോടൊപ്പം തന്നെ ഐ.പി.എച്ച്.എസ് സ്റ്റാൻഡേർഡ് പ്രകാരം കേരളത്തിലെ 109 സി.എച്ച്.സി.കളിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചു.

| | |
|---|---|
| I) മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി (ബി) സി.എച്ച്.സി., ഓമാനൂർ സി.എച്ച്.സി. എന്നിവിടങ്ങളിൽ പുതിയ വികസന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | ഉണ്ട് ; കൊണ്ടോട്ടി ബ്ലോക്കിൽ 52 ലക്ഷം രൂപ ചെലവഴിച്ച് 2010 ൽ കാഷ്വാലിറ്റി ബ്ലോക്ക് പണി കഴിപ്പിച്ചു. ഇലക്ട്രോണിക് ടോക്കൺ സിസ്റ്റം ഏർപ്പെടുത്തി. രോഗികൾക്ക് ഇരിപ്പിട സൗകര്യം ഏർപ്പെടുത്തി. ലാബ് സൗകര്യം വിപുലീകരിച്ചു. ലാബിലേക്കാവശ്യമായ സാധന സാമഗ്രികൾ എൻ.ആർ.എച്ച്.എം. കൊടുത്തിട്ടുണ്ട്. ഒരു വി.ആർ.എസ് ഡോക്ടറെയും നാല് സ്റ്റാഫ് നഴ്സുമാരെയും എൻ.ആർ.എച്ച്.എം മുഖേന പോസ്റ്റ് ചെയ്തിട്ടുണ്ട്. ഓൺലൈൻ റിപ്പോർട്ടിനായി കമ്പ്യൂട്ടർ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. അടിയന്തിര അറ്റകുറ്റപണികൾക്കായി എൻ.ആർ.എച്ച്.എം.ഫണ്ട് ഉപയോഗപ്പെടുത്തുന്നുണ്ട്. ആരോഗ്യ ബോധവത്കരണം - ശീലവത്കരണത്തിനായുള്ള പരിപാടികൾ സംഘടിപ്പിക്കുന്നതിനും എൻ. ആർ. എച്ച്.എം. ഫണ്ട് ഉപയോഗപ്പെടുത്തുന്നുണ്ട്. |

ഓമാനൂർ സി.എച്ച്.സി. യിൽ ഇലക്ട്രോണിക് ടോക്കൺ സിസ്റ്റം ഏർപ്പെടുത്തി.രോഗികൾക്ക് ഒ.പി. യിലേക്കാവശ്യമായ കസേര വാങ്ങിച്ചു. ഹോസ്പിറ്റലിലെ നിലം ടൈൽസാക്കി, ഐ.ഇ.സി. ബോർഡുകൾ സ്ഥാപിച്ചു. ഒ.പി.യിലേക്കാവശ്യമായ അലമാര, മേശ, ഷെൽഫ് എന്നിവയും സ്റ്റാഫുകൾക്ക് സോഫ്റ്റ്‌വെയർ ഇൻഫോർമേഷൻ സിസ്റ്റത്തിന് വേണ്ടി കമ്പ്യൂട്ടർ, ലാപ് ടോപ് എന്നിവയും വാങ്ങിച്ചു.

സെക്ഷൻ ഓഫീസർ